# മഹാത്മാഗാന്ധി സർവ്വകലാശാല

**സാബു എസ്. ജോസഫ്**
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 - 2731020, 2732650
മൊബൈൽ : 9447201256

പി.ആർ.ഒ./39/177/2018 2018 ആഗസ്റ്റ് 14

## പത്രക്കുറിപ്പ്

**ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ എല്ലാ കോളേജുകളും സഹകരിക്കണമെന്ന് എം.ജി. വൈസ് ചാൻസലർ**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എല്ലാ അദ്ധ്യാപകരും വിദ്യാർത്ഥികളും പരമാവധി തുക സംഭാവന നൽകണമെന്നും ഇത് വിജയിപ്പിക്കാനുള്ള നടപടികൾ പ്രിൻസിപ്പൽമാർ കൈക്കൊള്ളേണ്ടതാണെന്നും സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ കോളേജ് പ്രിൻസിപ്പൽമാരോടും വൈസ് ചാൻസലർ അഭ്യർത്ഥിച്ചു. ദുരിതബാധിതരെ സഹായിക്കാൻ കോളേജുകളിലെ എൻ.എസ്.എസ്. വോളന്റിയർമാരുടെ എല്ലാവിധ സഹായ സഹകരണങ്ങൾ ഉണ്ടാകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**ഓണാവധി പുനഃക്രമീകരിച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകൾക്ക് ആഗസ്റ്റ് 18 പ്രവർത്തിദിനമായിരിക്കും. ഓണാവധി ആഗസ്റ്റ് 19 മുതൽ 28 വരെ പുനഃക്രമീകരിച്ചിരിക്കുന്നു. ആഗസ്റ്റ് 29 മുതൽ കോളേജുകൾ തുറന്നു പ്രവർത്തിക്കുന്നതാണ്.

**സ്കോളർഷിപ്പിന് അപേക്ഷിക്കാം**

കേന്ദ്ര സർക്കാർ യൂണിവേഴ്സിറ്റി/കോളേജ് വിദ്യാർത്ഥികൾക്കായി നൽകിവരുന്ന ന്യൂനപക്ഷ സ്കോളർഷിപ്പുകളായ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്, മെട്രിക്-കം-മീൻസ് സ്കോളർഷിപ്പ്, മൗലാനാ ആസാദ് നാഷണൽ ഫെല്ലോഷിപ്പ്, പഢോ പർദേശ്, ഹമാരി ധരോഹർ, കേരള സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് കോളേജ് വിദ്യാർത്ഥികൾക്കായി നൽകിവരുന്ന ന്യൂനപക്ഷ സ്കോളർഷിപ്പുകളായ സി.എച്ച്. മുഹമ്മദ് കോയ മുസ്‌ലിം ഗേൾസ് സ്കോളർഷിപ്പ്, പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്, മദർ തെരേസാ സ്കോളർഷിപ്പ് എന്നിവയ്ക്ക് അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾക്ക് ഫോൺ: 0471-2300523, 24, 2302090. ഇമെയിൽ: director.mwd@gmail.com

**പരീക്ഷാഫലം**

2018 ജൂലൈ മാസത്തിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസിൽ നടത്തിയ മൂന്നും നാലും സെമസ്റ്റർ എം.ടെക് പോളിമർ സയൻസ് ആന്റ് ടെക്നോളജി (ടെക്നോളജി ആന്റ് അപ്ലൈഡ് സയൻസ് ഫാക്കൽറ്റി, സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2017 ഒക്ടോബറിൽ ഐ.ഐ.ആർ.ബി.എസിൽ നടത്തിയ രണ്ടാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഇന്റർ ഡിസിപ്ലിനറി മാസ്റ്റർ ഓഫ് സയൻസ് (എം.എസ്.സി.)(സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2018 ഏപ്രിൽ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 28 വരെ അപേക്ഷിക്കാം.

2018 ഏപ്രിൽ മാസത്തിൽ നടത്തിയ അഞ്ചാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ് മെഡിക്കൽ ബയോകെമിസ്ട്രി (റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ആഗസ്റ്റ് 28 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. ഫുഡ് ആന്റ് ഇൻഡസ്ട്രിയൽ മൈക്രോബയോളജി (പി.ജി. സി.എസ്.എസ്., റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ

ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 28 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. ആനിമേഷൻ, മൾട്ടിമീഡിയ, ഗ്രാഫിക് ഡിസൈൻ, സിനിമ ആന്റ് ടെലിവിഷൻ (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 28 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി .എൻവയോൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 28 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്.സി. ബയോടെക്നോളജി (റഗുലർ, ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 28 വരെ അപേക്ഷിക്കാം.

**അന്താരാഷ്ട്ര ഡോക്യുമെന്ററി-ഹ്രസ്വ ചലച്ചിത്രോത്സവം മാറ്റിവച്ചു**

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസും, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയും സംയുക്തമായി സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽവച്ച് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ഡോക്യുമെന്ററി-ഹ്രസ്വ ചലച്ചിത്രോത്സവം സെപ്റ്റംബർ 5, 6, 7 തീയതികളിലേക്ക് മാറ്റിവച്ചു. പരിസ്ഥിതി പ്രശ്നങ്ങൾ, മനുഷ്യാവകാശങ്ങൾ, വികസനാനുബന്ധ പ്രശ്നങ്ങൾ എന്നീ പ്രമേയങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ചിത്രങ്ങളാണ് മേളയിൽ പ്രദർശിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9447675755.

**ഇൻഡോ-ജാപ്പനീസ് ശില്പശാല**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ബയോസയൻസസിന്റെ ആഭിമുഖ്യത്തിൽ ഐ.ഐ.ആർ.ബി.എസ്. സെമിനാർ ഹാളിൽവച്ച് ആഗസ്റ്റ് 29, 30 തീയതികളിൽ 'സസ്റ്റെയിനബിൾ വാട്ടർ റിസോഴ്സ് മാനേജ്മെന്റ്' എന്ന വിഷയത്തിൽ ഇൻഡോ-ജാപ്പനീസ് ശില്പശാല സംഘടിപ്പിക്കുന്നു. കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ 'എറുഡൈറ്റ്' സ്കീമിൽ സ്പോൺസർഷിപ്പോടെ നടത്തുന്ന പ്രസ്തുത ശില്പശാലയിലേക്ക് ജലവിഭവ ഗവേഷണ മേഖലയിൽ പഠനത്തിൽ ഏർപ്പെട്ടിരിക്കുന്ന ആർക്കും പങ്കെടുക്കാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്കാണ് അവസരം ലഭിക്കുക. പ്രവേശനം സൗജന്യം. വിശദവിവരങ്ങൾക്ക് ഫോൺ: 9746414687, 9400992464.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**